Item Code: 643 Participant Code: 044

# സംഹാരമൂർത്തി ഉപകാരത്തിനായി

## ആമുഖം

"നല്ലതുപോലെ ഉപയോഗിച്ചാൽ വരും കാലങ്ങളിൽ മനുഷ്യജീവിതത്തെ തന്നെ മാറ്റിമറിക്കാൻ കഴിയുന്ന കണ്ടുപിടുത്തമാണ് നിർമ്മിതബുദ്ധി"

ഈ ആധുനിക കാലത്ത് ഒരു പത്രമാധ്യമത്തിൽ വന്ന അഭിമുഖത്തിലെ ഒരു ഭാഗമാണിത്: മനുഷ്യനെ പിന്നോട്ട് കണ്ടെത്താൻ ചിന്തിപ്പിച്ച ഒരു കണ്ടെത്തലാണ് റേഡിയോ. അതിന്റെ കണ്ടെത്തൽ മനുഷ്യജീവിതത്തിൽ വലിയ ഒരു കോളിളക്കം സൃഷ്ടിക്കുന്നതിന് കാരണമായി. പിന്നീട് അത് ടെലിവിഷൻ, ഫോൺ, സ്മാർട്ട്ഫോൺ ദേ ഇപ്പോൾ നിർമ്മിതബുദ്ധി വരെ ആയി. കാര്യങ്ങൾ മനുഷ്യർ ഭൗതികജീവിതവും ചുറ്റുപാടും ഒക്കെ മറന്ന് കയ്യിലിരിക്കുന്ന സ്മാർട്ട്ഫോണിൽ അലിഞ്ഞ് ഇല്ലാതായ അവസ്ഥയിലാണ് സ്വന്തവും.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ബന്ധവും മറന്ന് ഫോണിൽ തന്നെ എല്ലാം കാലം. 2026-ൽ എത്തിയെങ്കിലും നിർമ്മിതബുദ്ധി കാലത്തിനും മുകളിൽ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്.

<u>നിർമ്മിതബുദ്ധി</u>: 21-ാം നൂറ്റാണ്ടിൽ ജീവിക്കുന്ന നമുക്ക് നിർമ്മിതബുദ്ധി എന്നത് അത്ര പുത്തനറിവല്ല. സാങ്കേതികവിദ്യയും മനുഷ്യന്റെ ആശയങ്ങളും കൂടി സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിവുള്ള ആധുനിക സാങ്കേതിക വിദ്യയാണ് നിർമ്മിതബുദ്ധി. മനുഷ്യൻ പ്രോഗ്രാം ചെയ്തിട്ട കാര്യങ്ങളെ അവലോകനം ചെയ്ത് ആവശ്യപ്പെടുന്ന ക്രിയകൾ ചെയ്യുക എന്നതാണ് നിർമ്മിതബുദ്ധി എന്നതിന്റെ ലക്ഷ്യം. ഇന്ന് നിർമ്മിതബുദ്ധി പലമേഖലകളിൽ ഉപയോഗിച്ച് പോകുന്നു. 2000-ത്തോട് കൂടിയാണ് നിർമ്മിതബുദ്ധി പ്രധാനമായും ലോകവ്യാപകമായി രംഗത്തെത്തിയത്.

<u>മനുഷ്യജീവിതത്തിലേക്ക്</u>: നിർമ്മിതബുദ്ധിയുടെ വളർച്ച മനുഷ്യജീവിതത്തെ പലതരത്തിൽ സ്വാധീനിക്കും. ആരോഗ്യം, വിദ്യാഭ്യാസം, ശാസ്ത്രം, കല, സർഗാത്മകത, റോബോട്ടിക്സ് തുടങ്ങിയവയിൽ നിർമ്മിതബുദ്ധിയുടെ വളർച്ച അതിവേഗത്തിലാണ്. എന്നാൽ ഈ വളർച്ച

നല്ല രീതിയിലും മോശം രീതിയിലും ബാധിക്കുന്നുണ്ട്.

<u>മേഖലകൾ</u>: പ്രധാനമായും സർഗാത്മകത, ആരോഗ്യം, വിദ്യാഭ്യാസം, ശാസ്ത്രം, ഉൽപന്നങ്ങൾ, ഗ്രാഫിക്സ്, സിനിമ, കോഡിങ് തുടങ്ങിയ മേഖലകളിൽ നിർമ്മിതബുദ്ധി കടന്ന് കയറിയിരിക്കുന്നു. സുരക്ഷ, കാവൽ തുടങ്ങിയവയ്ക്കായും നിർമ്മിതബുദ്ധിയെ ഉപയോഗിച്ച് പോരുന്നു.

<u>പ്രഥമം, പ്രധാനം - ആരോഗ്യം</u>: ഇന്ന് ആരോഗ്യരംഗത്ത് നിർമ്മിതബുദ്ധിയുടെ ഉപയോഗം വർദ്ധിച്ചുവരുന്നു. പല തരം ശസ്ത്രക്രിയകൾക്ക് ഇന്ന് നിർമ്മിതബുദ്ധി ആണ് ഉപയോഗിക്കുന്നത്. വളരെ പ്രധാനപ്പെട്ട സൂക്ഷ്മമായി ചെയ്യുന്ന ശസ്ത്രക്രിയകളിൽ ഡോക്ടർമാർ വേണ്ട ആജ്ഞകൾ മുൻകൂറായി തയ്യാറാക്കി പ്രോഗ്രാം ചെയ്ത് വയ്ക്കുന്നു. ഇതുവഴി ചെറിയ ശാസ്ത്രീയ ഉപകരണങ്ങളിലൂടെ അതിസൂക്ഷ്മ ശസ്ത്രക്രിയകൾ സുഖമമായി നടന്നുപോകുന്നു.

ആരോഗ്യരംഗത്ത് നിർമ്മിതബുദ്ധി ഉപയോഗിക്കുന്ന അടുത്ത മേഖലയാണ് രോഗനിർണ്ണയം. പുതിയ രോഗങ്ങളും, രോഗകാരികളെയും കണ്ടെത്തുന്നതിനും അവയ്ക്ക് വേണ്ട പ്രതിവിധികൾ ചെയ്യുന്നതിനും

നിർമ്മിതബുദ്ധി ഉപയോഗപ്പെടുത്തുന്നുണ്ട്.

<u>വിദ്യാർത്ഥികൾക്കൊപ്പം</u>: നിർമ്മിതബുദ്ധി ഉപയോഗിക്കുന്നവരിൽ പകുതിയിലധികവും വിദ്യാർത്ഥികൾ തന്നെയാണ്. പല മേഖലകളിൽ അവർ ഇത് ഉപയോഗിക്കുന്നു.

- ക്ലാസ്സുകൾ:- നിർമ്മിതബുദ്ധി അടിസ്ഥാനമാക്കിയുള്ള ക്ലാസുകൾ ഇന്ന് രംഗത്തുണ്ട്. ആവശ്യമായത് വേണ്ട പാഠങ്ങൾ കൃത്യമായി പറഞ്ഞുതരുന്ന നിർമ്മിതബുദ്ധി കുട്ടികളെ കൂടുതൽ ~~ആകൃഷ്ട~~ ആകൃഷ്ടരാക്കുന്നു.
- സംശയനിവാരണം:- ഏത് പാതിരാത്രിയുമായിക്കോട്ടെ ലോകത്തിൽ എവിടെനിന്നും കുട്ടികൾക്ക് സംശയം ചോദിച്ച് ഉത്തരം കണ്ടെത്താൻ നിർമ്മിതബുദ്ധിയിലൂടെ സാധിക്കും.
- എഴുത്തിലും സഹായിക്കാം:കുട്ടികൾക്ക് പഠിക്കുന്ന ഹോംവർക്കുകളും സെമിനാറുകളും എല്ലാം ഞൊടിയിടയിൽ നിർമ്മിതബുദ്ധി മുന്നിലെത്തിക്കുന്നു. കുട്ടികളുടെ പകുതി ഭാരമാണ് ഇതിലൂടെ ഒഴിവായത്:
- ചോദ്യോത്തരങ്ങൾ:- കുട്ടികൾക്ക് വേണ്ട പാഠഭാഗങ്ങൾ ഇട്ട് കൊടുത്താൽ ആ ഭാഗത്ത്നിന്നുമുള്ള സകല ചോദ്യങ്ങളും ഉത്തരങ്ങളും അപ്പോൾ തന്നെ

അവർക്ക് പഠിക്കാം.

- **പരീക്ഷയിലും** :- ഇന്ന് പല പരീക്ഷയിലും തയ്യാറാക്കിയ ആയിരക്കണക്കിന് ചോദ്യങ്ങളിൽനിന്ന് ചോദ്യങ്ങൾ തിരഞ്ഞെടുത്ത് പരീക്ഷയ്ക്ക് നൽകുന്നത് നിർമ്മിത ബുദ്ധിയിലൂടെയാണ്

  ഉദാഹരണം : സർക്കാർ സ്കൂളുകളിലെ ഐ.ടി. പരീക്ഷ

ശാസ്ത്രത്തിന് താങ്ങായി : ശാസ്ത്രത്തിന്റെ പല കോണിലും ഇന്ന് നിർമ്മിതബുദ്ധി ഉപയോഗിക്കുന്നു.

- രോഗ നിർണ്ണയത്തിനും, ഉചിതമായ ചികിത്സ നൽകുന്നതിനും.
- ജനിതക രോഗങ്ങൾ കണ്ടെത്താനും മാറ്റാനും
- വ്യക്തിഗതമായി അവരുടെ ജനിതക ഘടന പഠിച്ച് അവർക്ക് വേണ്ടി പ്രത്യേകം മരുന്ന് തയ്യാറാക്കുന്നു.
- കൃഷിയിൽ മണ്ണിന്റെ ഘടനയെയും വളക്കൂറിനെയും ജലാംശത്തിനെയും പറ്റി പഠിക്കുന്നതിന്
- അന്തരീക്ഷത്തിലെയും, ജലത്തിലെയും മലിനീകരണത്തിന്റെ അളവ് മനസ്സിലാക്കുന്നതിന്
- ജനിതക എൻജിനീയറിങ്ങിൽ

കാക്കിക്കുള്ളിൽ: കഴിഞ്ഞ വർഷം ജനശ്രദ്ധ പിടിച്ചുപറ്റിയ ആളാണ് എം.വി.ടി.യുടെ സ്വന്തം 'എ.ഐ. ക്യാമറ': ഗതാഗത നിയമങ്ങൾ തെറ്റിക്കുന്നവരെ പിടിക്കാൻ പിഴ ഈടാക്കാനും സഹായിച്ച ഇവൻ പോലീസുകാരുടെ ആത്മമിത്രമാണ്.

റോബോട്ടിക്സ്: ഇന്ന് നിർമ്മിതബുദ്ധിയുടെ ശക്തി ഏറ്റുവാങ്ങി വികസിച്ച മേഖലയാണ് റോബോട്ടിക്സ്. ഇലക്ട്രോണിക്സും നിർമ്മിതബുദ്ധിയും ഒരുമിച്ച് ചേർന്ന് മനുഷ്യർക്ക് പ്രയോജനമായ ഒരു ഉപകരണമായി മാറുന്നു. ഇതാണ് റോബോട്ടിക്സ്. റോബോട്ടിക്സ് പലവിധത്തിൽ മനുഷ്യനെ സഹായിക്കുന്നു.

- സെൻസറുകൾ → താപം, സ്പർശനം, മുഖം, രൂപം ശബ്ദം തുടങ്ങിയവയിലൂടെ തിരിച്ചറിയപ്പെട്ട് കഴിയുമ്പോൾ കൊടുത്ത ആജ്ഞയ്ക്കനുസരിച്ച് ഇത് പ്രവർത്തിക്കുന്നു.

ഉദാഹരണം: ഓട്ടോമാറ്റിക് സാനിറ്റൈസർ നിക്ഷേപക കടകളിലെ സെൻസർ ഡോറുകൾ തുടങ്ങിയവ.

- ക്യാമറകൾ → പല വ്യക്തികളുടെ രൂപം സോഫ്റ്റ് വെയറിൽ അപ്‌ലോഡ് ചെയ്ത് മനുഷ്യനുമായി സാദൃശ്യമുള്ള രൂപം കാണുമ്പോൾ നിരീക്ഷിച്ചിരിക്കുന്ന കൃത്യം ചെയ്യുന്നു.
  ഉദാഹരണം: മുഖം തിരിച്ചറിഞ്ഞ് മൊബൈൽഫോൺ തനിയെ തുറക്കുന്നു.

<u>ജോലി മാർഗങ്ങൾ</u>: നിർമ്മിതബുദ്ധിയുടെ വളർച്ച പലതരം ജോലിസാധ്യതകൾ കൊണ്ടുവരുന്നു. റോബോട്ടിക്സിൽ തന്നെ ഇന്ന് അനവധി ജോലിസാധ്യതകൾ ലഭ്യമാണ്. അതിനാലാണ് സംസ്ഥാന സർക്കാർ പത്താം ക്ലാസ് പരീക്ഷയിൽ ഐ.ടി യുടെ കൂടെ റോബോട്ടിക്സ് കൂടി ഉൾപ്പെടുത്തിയത്.

<u>സർഗാത്മകതയ്ക്ക് കൂട്ടാളി</u>: ഒരു മനുഷ്യന്റെ ഉള്ളിലെ ജന്മസിദ്ധമോ ആർജ്ജിതമോ ആയ കഴിവുകളാണ് സർഗാത്മകത. സർഗാത്മകത വളർത്തുന്നതിന് നിർമ്മിത ബുദ്ധി ഒരു സഹായകമാണ്. പല രീതിയിൽ നിർമ്മിത ബുദ്ധിയെ നമുക്ക് സർഗാത്മകതയ്ക്കായി പ്രയോഗിക്കാം.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം തൃശൂർ ★ പ്രോഗ്രാം കമ്മിറ്റി ★

- രചനകളിൽ → കഥ, കവിത, ഉപന്യാസം തുടങ്ങിയ രചനകളിൽ നിർമ്മിത ബുദ്ധിയ്ക്ക് സഹായിക്കാനാവും നമ്മുടെ രചനകളെ മെച്ചപ്പെടുത്താനുള്ള അറിവുകൾ, മാർഗങ്ങൾ, കണ്ടെത്തലുകൾ, മാതൃക എന്നിവ നിർമ്മിതബുദ്ധി വഴി ലഭ്യമാണ്.

- പ്രാസംഗികതയിൽ → നല്ല ആശയങ്ങൾ, പുതിയ വിഷയങ്ങൾ, മഹാന്മാരുടെ വാക്കുകൾ ചരിത്രം തുടങ്ങിയവയിൽ

- കണ്ടെത്തലുകളിൽ → പുതിയ ഗവേഷണങ്ങൾ ഒരു തരം സർഗാത്മകതയാണ് ഇതിന് സഹായകമായ വിവരങ്ങൾ, പഠനങ്ങൾ തുടങ്ങിയവ ലഭ്യം ആണ്.

- ഉപന്യാസത്തിൽ → ഒരു വിദ്യാർത്ഥിക്ക് എഴുതാൻ സഹായകമായ ഭാവനകൾ, മഹാന്മാർ പറഞ്ഞ വാക്കുകൾ, പുതിയ രീതികൾ എന്നിവ നിർമ്മിത ബുദ്ധിയിലൂടെ ലഭ്യമാണ്.

64-ാമത് കേരള സ്കൂൾ കലോത്സവം തൃശ്ശൂർ
തിരുത്തി.......................
പ്രോഗ്രാം കമ്മിറ്റി

**നിർമ്മിതബുദ്ധി - സർഗാത്മകത:** ഒരു വ്യക്തി തന്റെ കഴിവ് ഉപയോഗിച്ച് ഒരു സാധനം കണ്ടെത്തിയാൽ അത് സർഗാത്മകതയാണ് അത്കൊണ്ട് തന്നെ നിർമ്മിതബുദ്ധിയും ഒരു സർഗാത്മകതയാണ്. ആയതിനാൽ നിർമ്മിതബുദ്ധിയുടെ വളർച്ച മനുഷ്യകുലത്തിന് ഉപയോഗപ്രദമാവുക തന്നെ ചെയ്യണം. മറ്റുള്ളവർക്ക് ഉപയോഗിക്കാനാവുന്ന, പ്രയാസമില്ലാതെ ചെയ്യാനാവുന്ന നിർമ്മിത ബുദ്ധി ഒരു തരത്തിൽ സർഗാത്മികമായ ഒരു കഴിവാണ്. അതുപോലെ ഇത് ഉപയോഗിച്ച് പല തരം സർഗാത്മകതകൾ സൃഷ്ടിക്കാനാവും.

ഉദാഹരണം: കഥ, കവിത, ചിത്രങ്ങൾ.

**മോശത്തിൽ മെച്ചം:** നിർമ്മിതബുദ്ധി ഇന്ന് പല കാര്യങ്ങളിലും സൗജന്യമാണ്. ഉദാഹരണമായി - ചാറ്റ് ജി.പി.റ്റി, മെറ്റ എ.ഐ., ജെമിനി എ.ഐ. തുടങ്ങിയവ സാധാരണക്കാർക്ക് വരെ വെറുതെ ലഭിക്കും. സാധാരണമായ സാങ്കേതിക ഭാഷ ആയതിനാൽ ആർക്കും ഉപയോഗിക്കാം.

നിർമ്മിതബുദ്ധി- വിപ്ലവമാകുമ്പോൾ: കാര്യം നിർമ്മിത ബുദ്ധിക്ക് ഇത്രയധികം പ്രയോജനങ്ങൾ ഉണ്ടെങ്കിലും പല മേഖലകളിലും നിർമ്മിതബുദ്ധിയുടെ അതിപ്രസരം ഒരു വിപ്ലവമായി മാറുന്നതിന് ഇടയാക്കുന്നു.

പാവപ്പെട്ടവന്റെ കഞ്ഞിയിൽ: നിർമ്മിത ബുദ്ധിയുടെ ഉപയോഗം ഏറ്റവും അധികം ഇല്ലാതാക്കുന്നത് ജോലി സാധ്യതകളാണ്. ഒരുപാട് വിദ്യാഭ്യാസം ഒന്നും വേണ്ട ജോലി ചെയ്ത് ജീവിക്കുന്നവർ അനേകരുണ്ട്. അവരുടെ കഞ്ഞിയിൽ മണ്ണ് വാരി ഇടുന്ന പരിപാടിയാണിത്. ചെറുകിടതൊഴിലുകൾ ഇതിലൂടെ ഇല്ലാതാകുന്നു.

ഉദാഹരണം: കടകളിൽ സെക്യൂരിറ്റി ജോലി ചെയ്യുന്നവർക്ക് പകരം റോബോട്ടുകൾ, ഹോട്ടലുകളിൽ വെയിറ്റർക്ക് പകരം റോബോട്ടുകൾ അതിഥികളെ സൽക്കരിക്കുന്നു.

മനുഷ്യന്റെ മടിയെ ഉണർത്താനായി: മനുഷ്യൻ തന്റെ ജോലി സുഖകരമാക്കാനാണ് പുതിയ കാര്യങ്ങൾ കണ്ടെത്തുക: പക്ഷേ വന്ന് വന്ന്

മനുഷ്യർ ഒരു പണിയും എടുക്കാതെ എല്ലാം യന്ത്രങ്ങളിൽ ആശ്രയിക്കാൻ തുടങ്ങി അതിന്റെ ഫലമായി മനുഷ്യ ആരോഗ്യം ക്ഷയിക്കാൻ തുടങ്ങി പണ്ട് രാവിലെ ഒരു പാത്രം കഞ്ഞി കുടിച്ച് വൈകുന്നേരം വരെ പണിയെടുത്ത് മനുഷ്യർ ഉണ്ടാക്കിയിരുന്ന ആരോഗ്യം തകരാൻ തുടങ്ങി തൽഫലമായി അമിതവണ്ണം, കുടവയർ, മടി ശ്രദ്ധക്കുറവ്, ആരോഗ്യമില്ലായ്മ, പലരോഗങ്ങൾ ഹൃദ്രോഗം, സ്ട്രോക്ക് എന്നിവ മനുഷ്യനെ തേടി എത്തുന്നു.

**സൈബർ സുരക്ഷ:** ഇന്ന് ഏറ്റവും അധികം പ്രതിസന്ധിയില്ലാതെ വെല്ലുവിളിയാണിന്ന് നിർമ്മിത ബുദ്ധിയുടെ വരവോടെ ആളുകൾ വ്യാജ രേഖകളും മുഖത്തിന്റെ പകർപ്പും എല്ലാം ഉണ്ടാക്കി പണം തട്ടിപ്പ്, മാനഹാനി, അശ്ലീല ചിത്രങ്ങൾ, വീഡിയോകൾ തുടങ്ങിയ സൃഷ്ടിക്കാൻ ആരംഭിച്ചു. ഈ അടുത്ത കാലത്ത് ഒരു വ്യക്തി-യുടെ വ്യാജ മുഖം സ്വീകരിച്ച് (നിർമ്മിതബുദ്ധിയിലൂടെ) കൂട്ടുകാരുടെ ഇടയിൽ നിന്ന് പണം തട്ടിയെ-ടുത്ത വാർത്ത നാം എല്ലാം കേട്ട്

Item Code: 643 Participant Code: 044

കാണുമല്ലോ

<u>കലാപരമായും</u>: കുറച്ച് കാലം മുൻപ് വരെ സാമൂഹ്യമാധ്യമങ്ങളിൽ ഇടം പിടിച്ച ഒരു ട്രെൻഡ് ആയിരുന്നു ഗിബ്ലി എന്നാൽ യഥാർത്ഥത്തിൽ ഇത് ഒരു ജാപ്പനീസ് പാരമ്പരാഗത കല ആയിരുന്നു. അതിന് പിന്നിൽ പരിശ്രമിച്ച വ്യക്തി ഈ ട്രെൻഡിന് എതിരായിരുന്നു. മനുഷ്യന്റെ കലകളെ വരെ നിർമ്മിത ബുദ്ധി പിടിച്ചടക്കി കഴിഞ്ഞു.

<u>അടപടലം മാറ്റം</u>: നിർമ്മിതബുദ്ധിയുടെ വരവോട് കൂടി മനുഷ്യ രീതികൾ മൊത്തത്തിൽ മാറി. ഇനി ഭാവിയിൽ ഇത് സങ്കീർണ്ണമായി കാണാം.

ഒരു റഷ്യൻ എഴുത്തുകാരൻ തന്റെ പുസ്തകത്തിൽ എഴുതിയ കഥയാണിത്:

ലോകമാകെ നിർമ്മിതബുദ്ധി ഉപയോഗിക്കുന്ന കാലം. എന്തിനും ഏതിനും. ചായ ഉണ്ടാക്കുന്നത് മുതൽ ഓഫീസുകളിൽ വരെ. എന്നാൽ ഒരു ദിവസം ഈ സാങ്കേതിക വിദ്യകൾ മൊത്തം ഇല്ലാതാകുന്നു.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

എന്നുവച്ചാൽ പൊട്ടിത്തെറിച്ച് നിൽക്കുന്നു. ഇതിന്റെ അർത്ഥം സാങ്കേതികവിദ്യയും നിർമ്മിതബുദ്ധിയും വളരുകതന്നെ ചെയ്യും എന്നാൽ ഇത് മനുഷ്യനെ പരാജയപ്പെടുത്തിയാൽ മനുഷ്യകുലത്തിന്റെ സകല കഴിവുകളും നാമാവശേഷമാകും.

വിദ്യാഭ്യാസം: വിദ്യാഭ്യാസരംഗത്ത് നിർമ്മിതബുദ്ധിയുടെ ഉപയോഗം കുട്ടികളെ തങ്ങളുടെ പഠനത്തിൽ നിന്ന് ഒഴിഞ്ഞുമാറി "എല്ലാം നിർമ്മിതബുദ്ധി ചെയ്യട്ടെ" എന്ന മനോഭാവത്തിലേക്ക് കൊണ്ടുവരും. തൽഫലമായി കുട്ടികളുടെ ചിന്താശേഷി ക്ഷയം നഷ്ടം തകർച്ചയിലേക്ക് നീങ്ങും.

നിർമ്മിതബുദ്ധി സർഗാത്മകതയോ, സംഹാരമോ?: ഈ ചോദ്യത്തിന്റെ ഉത്തരം ലളിതമാണ്: ഒരു നാണയത്തിന് രണ്ട് വശങ്ങൾ ഉണ്ട്. അതുപോലെ നിർമ്മിതബുദ്ധിക്കും നല്ലതും ചീത്തയുമായ വശങ്ങൾ ഉണ്ട്. അതുകൊണ്ട് തന്നെ നിർമ്മിത ബുദ്ധി നല്ല രീതിയിൽ

ഉപയോഗിച്ചാൽ അവ മനുഷ്യനെ പുരോഗതിയിൽ എത്തിക്കും

എന്നാൽ അവ മോശമായി ഉപയോഗിക്കാനാണ് ഭാവം എങ്കിൽ അത് ലോകത്തെ തന്നെ പടുകുഴിയിൽ വീഴ്ത്തുന്നതിന് കാരണമാകും.

"നമ്മുടെ പ്രവൃത്തികളാണ് അതിന്റെ കർമ്മഫലങ്ങൾ തീരുമാനിക്കുക"

അതിനാൽ നല്ലത് ചെയ്താൽ നല്ല ഭാവിയെ വളർത്താനാകും

ഇനി എന്ത്? : തെറ്റായ നിർമ്മിതബുദ്ധി വരുത്തി വയ്ക്കുന്ന വിപത്തുകൾ വലുതാണ് ഇത് തടയാൻ വളരെ എളുപ്പമാണ്: നാം ആദ്യം നമ്മെ തിരുത്തുക: "നല്ല തുടക്കം എന്നിൽ നിന്ന് തന്നെ ആവണം"

വെല്ലുവിളികൾ നിലനിൽക്കുക തന്നെ ചെയ്യും. എന്നാൽ നാം അതിനെ നേരിടാൻ പഠിക്കുക തന്നെ വേണം.

64-ാമത് കേരള സ്കൂൾ കലോത്സവം തിരുത്തി ..................... പ്രോഗ്രാം കമ്മിറ്റി

കുഞ്ഞുണ്ണിമാഷ് പറയുന്നതുപോലെ "പിന്നോട്ട് മാത്രം മടക്കാൻ പറ്റുന്ന കാലുകൾ കൊണ്ട് നാം മുന്നോട്ട് പായണം"

നിർമ്മിത ബുദ്ധിയുടെ കൗതുകവും: നിർമ്മിത ബുദ്ധിയുടെ ഗുണങ്ങളും ദോഷങ്ങളും ഏറെയാണ്. കൂടുതൽ ജോലിസാധ്യതകൾ. വിദ്യാർത്ഥികൾ ഇതിനെപ്പറ്റി അറിയാനായി പാഠപുസ്തകങ്ങളിൽ നിർമ്മിതബുദ്ധിയെ പറ്റി ചേർത്തു, ഐടി പരീക്ഷകളിൽ റോബോട്ടിക്സ് പഠനം, ലിറ്റിൽ കൈറ്റ്സ്

നിർമ്മിത ബുദ്ധിയുടെ പ്രശ്നങ്ങളെ പറ്റി അറിയാനും മനസ്സിലാക്കാനും ബോധവൽക്കരണ ക്ലാസ്സുകൾ, പരിപാടികൾ: പാഠപുസ്തകങ്ങൾ. നിർമ്മിത ബുദ്ധിയിൽ ഊന്നിയ വിഷയങ്ങൾ: സൈബർ സുരക്ഷ, സൈബർ ഉത്തരവാദിത്വങ്ങൾ എന്നിവയെ പറ്റി കുട്ടികൾ ബോധവാന്മാരാകുക എന്നതാണ് ഇവയുടെ പ്രധാന ലക്ഷ്യം.

64-ാമത് കേരള സ്കൂൾ കലോത്സവം ★ പ്രോഗ്രാം കമ്മിറ്റി ★ തൃശ്ശൂർ

## ഉപസംഹാരം

"ഉറക്കത്തിൽ കാണുന്നവയല്ല സ്വപ്നം, മറിച്ച് ഉറക്കം കെടുത്തുന്നതാവണം സ്വപ്നങ്ങൾ"

ഡോ. എ.പി.ജെ. അബ്ദുൾകലാം പറയുന്നതുപോലെ നിർമ്മിതബുദ്ധിയുടെ മെച്ചങ്ങൾ മനസ്സിലാക്കി ആ മേഖലയിൽ ഉന്നമനത്തിനായി നമുക്ക് സ്വപ്നം കാണാം. പ്രശ്നങ്ങൾ സ്വാഭാവികമാണ് എന്നാൽ അവയെ തരണം ചെയ്യാനുള്ള മനസ്സ് വേണം. "ആശങ്കയേക്കാൾ നല്ലത് പ്രതിരോധമാണ്" – ഹിപ്പോക്രാറ്റസ്

സൈബർ ലോകത്തെ നിർമ്മിതബുദ്ധിയുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവയെ തരണം ചെയ്ത് നല്ലത് മാത്രം കണ്ട് നല്ല നിർമ്മിതബുദ്ധിയിലൂടെ ഒരു ലോകം പടുത്തുയർത്താം. സംഹാരം ആകാതെ ഉപകാരമാക്കി നിർമ്മിതബുദ്ധിയെ നമുക്ക് മാറ്റാം.